# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1034

30.11.2018-ലെ മറുപടിക്ക്

### കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.എം. മുകേഷ്<br>ശ്രീ.സജി ചെറിയാൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുടിവെള്ള വിതരണ പദ്ധതികളും ഉപഭോക്താക്കളുടെ എണ്ണവും വർദ്ധിക്കുന്നതിന് അനുസരിച്ച് കാര്യക്ഷമമായി സേവനം നൽകുന്നതിന് കേരള ജല അതോറിറ്റിയിൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സ്ഥാപന ശാക്തീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; സ്ഥാപന ശാക്തീകരണ സമിതിയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (ബി) | കേരള ജല അതോറിറ്റി നടപ്പിലാക്കിയ ജിക്ക പദ്ധതിയിൽ ഉൾപ്പെട്ട സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി കേരള ജല അതോറിറ്റിയുടെ ഘടനാപരമായ ക്രമീകരണം, നയങ്ങളിലും നടപടി ക്രമങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ എന്നിവ സംബന്ധിച്ചും ധനകാര്യ സുസ്ഥിരത ലക്ഷ്യമാക്കിയും താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സ്ഥാപന ശാക്തീകരണ സമിതി നിർദ്ദേശിക്കുകയുണ്ടായി<br>1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണമായും പ്രൊജക്റ്റ് ഡിവിഷനുകളുടെ കീഴിലാക്കുക.<br>2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുക.<br>3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറക്കുക.<br>4. ഉപഭോക്ത സേവനത്തിനുള്ള |

| ചോദ്യം | മറുപടി |
|---|---|
| | മാർഗ്ഗ രേഖ തയ്യാറാക്കുക.<br>5. പൊതു ജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുക.<br>6. അറ്റകുറ്റ പണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കുക.<br>7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തുക.<br>8. ജല അതോറിറ്റി ഓഫിസുകളും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുക.<br><br>താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്ഥാപന ശാക്തീകരണ സമിതിയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കുകയുണ്ടായി.<br>1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണമായും പ്രൊജക്റ്റ് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 16 പ്രൊജക്റ്റ് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പിലാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രൊജക്റ്റ് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.<br>2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു.<br>3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.<br>4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | 5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ്ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു.<br>6. അറ്റകുറ്റ പണികൾ കാലതാമസം ഒഴിവാക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.<br>7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കംപ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.<br>8. ജല അതോറിറ്റി ഓഫിസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിങ്ങും (അബാക്കസ്), ഇ-പേയ്മെന്റ് സംവിധാനവും കംപ്ലയിന്റ് റിഡ്രസ്സൽ സിസ്റ്റവും ഇ-ടെണ്ടറിങ്ങും നടപ്പിലാക്കി. |
| (സി) | കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | 2016-2017 ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതി തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് 2015-2016 വരെ വാട്ടർ അതോറിറ്റി സർക്കാരിന് നൽകുവാനുള്ള വായ്പ തുകയായ 2242.21 കോടി രൂപ മൂലധനമാക്കി മാറ്റുവാനും അതിന്റെ പലിശയായി 1450.11 കോടി രൂപയും എഴുതി തള്ളാനുള്ള നിർദ്ദേശം |

| ചോദ്യം | | | മറുപടി |
|---|---|---|---|
| | | | ജല അതോറിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br>എല്ലാ വർഷവും പുതിയ 2 ലക്ഷം വാട്ടർ കണക്ഷനുകൾ നൽകുവാനാണ് വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്. ഇതുവഴി വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നുണ്ട്.<br>വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2017-2018 സാമ്പത്തിക വർഷം മുൻവർഷത്തെക്കാൾ 46 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികമായി പിരിച്ചെടുക്കാൻ സാധിച്ചു.<br>പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് വേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജല ചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. കൂടാതെ വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കംപ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു. ഇവയൊക്കെയാണ് കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ. |

**സെക്ഷൻ ഓഫീസർ**